# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 918 12.12.2012 - ൽ മറുപടിക്ക്

## സിയാൽ മാതൃകയിൽ കുടിവെള്ള വിതരണ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. പാലോട് രവി | | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സിയാൽ മാതൃകയിൽ കുടിവെള്ള വിതരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | രൂപം നൽകിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലുടനീളം കമ്മ്യൂണിറ്റി അടിസ്ഥാനമായ ശുദ്ധജലവിതരണപ്ലാന്റുകൾ നിർമ്മിക്കുന്നതിനും നടത്തുന്നതിനും സിയാൽ മാതൃകയിൽ ഒരു കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കുറഞ്ഞ ചെലവിൽ സംസ്ഥാനത്ത് മുഴുവനായി ശുദ്ധജല വിതരണം ലക്ഷ്യമിടുന്നു. |
| (സി) ഈ പദ്ധതി അനുസരിച്ച് വിപണിയിൽ ഒരു ലിറ്റർ വെള്ളം എന്തു വിലയ്ക്കാണ് വിൽക്കാനുദ്ദേശിക്കുന്നതെന്നും ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ? | (സി) | ഇതിലേയ്ക്കുള്ള വിശദാംശങ്ങൾ തയ്യാറായി വരുന്നു. |

സെക്ഷൻ ഓഫീസർ